# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.359** **25.06.2018-ൽ മറുപടിയ്ക്ക്**

## ഗദ്ദിക വിജയിപ്പിക്കുന്നതിന് സഹായകരമായ ഘടകങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ.സുനിൽ കുമാർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ഗദ്ദിക പരിപാടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഗോത്ര വർഗ്ഗ പൈതൃകവും തനതു കലകളും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും, ഗോത്ര വിഭാഗങ്ങൾക്ക് പൈതൃകമായി പകർന്നു കിട്ടിയ വൈദ്യ ചികിത്സാ രീതികളും പരമ്പരാഗത തൊഴിൽ ഉത്പന്നങ്ങളും പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമാണ് ഗദ്ദിക ലക്ഷ്യമിടുന്നത്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ പരമ്പരാഗതമായ അറിവുകളിലൂടെത്തന്നെ വരുമാനം കണ്ടെത്തുവാനും കഴിയുന്നു. സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി വ്യക്തിഗതമായോ കൂട്ടുസംരംഭങ്ങളായോ കുടുംബശ്രീ അയൽക്കൂട്ടങ്ങളായോ, സൊസൈറ്റികളായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനും വിറ്റഴിക്കുവാനും ഗദ്ദിക ഉപകരിക്കുന്നു. |
| (ബി) | പ്രസ്തുത പരിപാടി വിജയിപ്പിക്കുന്നതിന് സഹായകരമായ ഘടകങ്ങളും അതിനുള്ള ശ്രമങ്ങളും വിശദമാക്കുമോ; | (ബി) | പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളും കിർത്താഡ്സും സംയുക്തമായിട്ടാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. ഗദ്ദിക സംഘടിപ്പിക്കുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട സ്ഥലം എം.എൽ.എ-യുടെയും സഹകരണവും പൊതുജനങ്ങളുടെ പങ്കാളിത്വവും മറ്റ് വകുപ്പുകളുടെ സഹകരണവും |

| | | | |
|---|---|---|---|
| | | | പവലിയനുകളുടെ പ്രദർശനവും മെഗാഷോകളുടെ അവതരണവും ഗദ്ദിക പരിപാടിയുടെ വിജയത്തിന് സഹായിക്കുന്നുണ്ട്. പരമ്പരാഗത കലകളുടെയും കൈത്തൊഴിലുൽപ്പന്നങ്ങളുടെയും ഉന്നത നിലവാരവും ഗദ്ദികയുടെ വിജയത്തിൽ പങ്ക് വഹിക്കുന്നുണ്ട്. |
| (സി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത ഉല്പന്നങ്ങളും വനവിഭവങ്ങളും വിപണനം ചെയ്യുന്നതിന് മറ്റെന്തൊക്കെ മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഗദ്ദികയിൽ വിറ്റഴിക്കപ്പെടുന്ന ഉത്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റിംഗിലൂടെ വിറ്റഴിക്കുന്നതിനുള്ള പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം മറ്റു സർക്കാർ വകുപ്പുകളും കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ നടത്തുന്ന ട്രേഡ് ഫെയറുകളിലും ഗദ്ദിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയ തലത്തിൽ നടത്തപ്പെടുന്ന ട്രേഡ് ഫെയറുകളിൽ ഗദ്ദിക ഉൽപ്പന്നങ്ങൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്.<br>പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത ഉൽപ്പന്നങ്ങളും വനവിഭവങ്ങളും സൊസൈറ്റികൾ വഴിയും പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷൻ വഴിയും ശേഖരിക്കുകയും, വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ന്യൂഡൽഹിയിൽ വച്ച് നടക്കുന്ന ഭാരത അന്താരാഷ്ട്ര മേളയിൽ അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയിൽ നിന്നും ശേഖരിക്കുന്ന ഉത്പന്നങ്ങൾ വകുപ്പ് ന്യൂഡൽഹിയിലെത്തിച്ച് വിപണനം നടത്തുന്നുണ്ട്.പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങൾ വനംവകുപ്പ് വനശ്രീ മുഖേന ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**